ജനകീയ താൽപ്പര്യങ്ങളും മനസ്സിലാക്കി പ്രവർത്തിക്കാൻ ബാദ്ധ്യസ്ഥരായിട്ടുള്ള സഹകരണ മേഖലയിലെ കാർഷിക വികസന ബാങ്കുകൾ ഈ പട്ടയം ഈടായി സ്വീകരിക്കുന്നില്ല എന്നുള്ളത് വളരെ ദുഃഖകരമാണ്. ഞാൻ ഈ പ്രശ്നം ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടേയും സഹകരണ വകുപ്പുമന്ത്രിയുടേയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. റവന്യൂ വകുപ്പുമന്ത്രി ഈ പ്രശ്നം ഇടുക്കി ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ജില്ലാകളക്ടർ ജില്ലയിലെ ലീഡ് ബാങ്കായ യൂണിയൻ ബാങ്ക് അധികൃതരോട് ആ കാര്യത്തിൽ അടിയന്തിരമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. എന്നിട്ടും ഇതുവരെ നടപടികളൊന്നും ഉണ്ടായിട്ടില്ല. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി കട്ടപ്പനയിൽ വന്നപ്പോൾ ഞാൻ ഈ പ്രശ്നം ഉന്നയിക്കുകയും പരിഹരിക്കാമെന്ന് പറയുകയും ചെയ്തിട്ടുള്ളതാണ്. ഈ 9-ാം തീയതി ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി എന്റെ മണ്ഡലത്തിൽപ്പെട്ട മുരുക്കാശ്ശേരിയിൽ വീണ്ടും പട്ടയം നൽകുന്നതിനായി വരുന്നുണ്ട്. ആ സമയത്തെങ്കിലും ഈ പ്രശ്നം അവസാനിപ്പിക്കാൻ സർക്കാർ ഉത്തരവുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) : സർ, 1-1-1977-ന് മുൻപുള്ള വനഭൂമി കൈവശം ക്രമീകരിക്കുന്നതിന് 19-3-1993-ൽ പ്രത്യേകം തയ്യാറാക്കപ്പെട്ട ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ആണ് പട്ടയം നൽകിവരുന്നത്. ആ ചട്ടപ്രകാരം 1-1-1977-ന് മുമ്പ് വനഭൂമി കൈവശം വച്ച് അർഹതപ്പെട്ട കൈവശക്കാർക്ക് നൽകിക്കൊണ്ടിരിക്കുകയാണ്. പട്ടയം കിട്ടിയ വനഭൂമി സർക്കാർ, സഹകരണ സ്ഥാപനങ്ങൾ, ടീ ബോർഡ്, കോഫീ ബോർഡ്, റബ്ബർ ബോർഡ്, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവയ്ക്ക് പണയപ്പെടുത്തി കൃഷിയും ഭൂമി മെച്ചപ്പെടുത്തുന്നതിനും ഏതെങ്കിലും സർക്കാർ പദ്ധതിയിൽപ്പെടുത്തി വീട് നിർമ്മിക്കുന്നതിനും വീട് പുതുക്കി നിർമ്മിക്കുന്നതിനും ബിസിനസ് വികസിപ്പിക്കുന്നതിനും വേണ്ടി വായ്പ എടുക്കാവുന്നതാണ്. മേൽ ചട്ടപ്രകാരം പൊതുമേഖലാ ബാങ്കുകൾ, ഗ്രാമീണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്കുകൾ, കേന്ദ്ര സഹകരണ ബാങ്കുകൾ, സർക്കാർ അധീനതയിലുള്ള മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവയെ വായ്പ നൽകുന്ന സ്ഥാപനങ്ങളായി അംഗീകരിച്ചിട്ടുണ്ട്. ആ വിവരം ബന്ധപ്പെട്ട അധികൃതരെ മുഴുവൻ അറിയിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങളെല്ലാം നിർബന്ധമായി ലോൺ കൊടുത്തുകൊള്ളണമെന്ന് നിർബന്ധിക്കാൻ ഗവൺമെന്റിന് കഴിയുകയില്ല. പക്ഷേ, ഈ സ്ഥാപനങ്ങൾക്കൊക്കെ അപേക്ഷിക്കാവുന്നതാണെന്നും, കൊടുക്കേണ്ടതാണെന്നും ഞങ്ങൾ അറിയിച്ചിട്ടുണ്ട്.

(2) മത്സ്യത്തൊഴിലാളി പെൻഷൻ കുടിശ്ശിക

ശ്രീ. ആന്റണി രാജു : സർ, സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ പെൻഷൻ കുടിശ്ശിക അടിയന്തിരമായി കൊടുത്തു തീർക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 18 മാസത്തെ പെൻഷൻ കുടിശ്ശികയുണ്ടായിരുന്നു. അന്ന് 75 രൂപയായിരുന്നു പെൻഷൻ, ഇപ്പോൾ അത് 120 രൂപയായി വർദ്ധിപ്പിച്ചു. ഇപ്പോൾ പതിനാറ് മാസത്തെ കുടിശ്ശികയുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അൻപത്തിയെട്ടു മാസങ്ങളിൽ അൻപത്തിയഞ്ചു മാസത്തെയും

LIBRARY ARCHIVES Kerala Legislative Assembly

കുടിശ്ശിക കൊടുത്തുതീർത്തുവെങ്കിലും കഴിഞ്ഞ ഗവൺമെന്റ് ഉണ്ടാക്കിവച്ച 18 മാസത്തെ കുടിശ്ശികയിൽനിന്നും രണ്ട് മാസത്തെ കുടിശ്ശിക മാത്രമേ നമ്മൾ കൊടുത്തുതീർത്തുള്ളൂ. ഇപ്പോൾ 16 മാസത്തെ കുടിശ്ശിക അവശേഷിക്കുകയാണ്. അതുകൊണ്ട് മത്സ്യത്തൊഴിലാളി പെൻഷൻ കുടിശ്ശിക അടിയന്തിരമായി കൊടുത്തുതീർക്കാനുള്ള നടപടിയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ): സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ മത്സ്യത്തൊഴിലാളി പെൻഷൻ മാസം 75 രൂപയായിരുന്നു. കുടിശ്ശിക 18 മാസത്തേതുണ്ടായിരുന്നു. എന്നാൽ പെൻഷൻ തുക രണ്ടു പ്രാവശ്യമായി നൂറ് രൂപ, 120 രൂപ ഈ ക്രമത്തിൽ വർദ്ധിപ്പിച്ചു നൽകി. ഈ സർക്കാർ അധികാരം ഏറ്റെടുത്ത ശേഷമുള്ള അൻപത്തിയെട്ടു മാസത്തിനിടയിൽ അൻപത്തിയഞ്ചു തവണ പെൻഷൻ അനുവദിക്കുകയും ചെയ്തു. മുൻ ഗവൺമെന്റ് കുടിശ്ശിക വരുത്തിയ 18 മാസത്തെ പെൻഷൻ കുടിശ്ശികയും കൊടുത്തു തീർക്കാൻ പരിശ്രമിക്കുകയാണ്. നിലവിൽ 16 മാസത്തെ പെൻഷൻ കുടിശ്ശികയുണ്ട്. നാലു മാസത്തെ പെൻഷൻ കൊടുക്കാനുള്ള തുക ഈ വർഷത്തെ ബഡ്ജറ്റ് വിഹിതമായി ലഭിക്കും, ഇതു കൂടി വിതരണം ചെയ്തു കഴിയുമ്പോൾ 12 മാസത്തെ കുടിശ്ശികയേ ബാക്കി വരുകയുള്ളൂ. മുൻ സർക്കാർ കുടിശ്ശിക വരുത്തിയ തുകയും കൂടിയ നിരക്കിലുള്ള പെൻഷനും 8066 പേർക്ക് കൂടുതലായി പെൻഷൻ അനുവദിച്ച അധികച്ചെലവും കാരണം പെൻഷൻ കുടിശ്ശിക പൂർണ്ണമായും കൊടുത്തു തീർക്കാർ കഴിഞ്ഞില്ല. പരമാവധി കുടിശ്ശിക തീർത്തുകൊടുക്കാൻ ശ്രമിച്ചു വരികയാണ്.

(3) കാസർകോട് താലൂക്ക് ആശുപത്രി കെട്ടിടനിർമ്മാണം

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, കാസർകോട് ജില്ലാ ആസ്ഥാനത്ത് പ്രവർത്തിക്കുന്ന ഏക കിടത്തി ചികിത്സിക്കാനുള്ള ആശുപത്രിയാണ് താലൂക്ക് ഗവൺമെന്റ് ആശുപത്രി. ഏതാണ്ട് എട്ടു വർഷങ്ങൾക്ക് മുമ്പ് 200 കിടക്കകളുള്ള ഏഴ് നില കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനം ആരംഭിച്ചു. 1994-ലെ പഞ്ചായത്ത് മുനിസിപ്പൽ നിയമം നിലവിൽ വന്നതിനുശേഷം സർക്കാർ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് സാങ്കേതികമായ കാരണങ്ങളാൽ മുനിസിപ്പാലിറ്റി ഏറ്റെടുത്ത് നടത്തണമോ അതോ സർക്കാർ പൂർത്തീകരിക്കണമോ എന്നതിനെ സംബന്ധിച്ച് വ്യക്തമായ തീരുമാനം ഇന്ന് വന്നിട്ടില്ല എന്നാണ് മനസ്സിലാക്കുന്നത്. ഈ കെട്ടിടം ഇന്ന് കരാറുകാരൻ ഭാഗികമായി പണിനടത്തി അത് നിറുത്തിവച്ചിരിക്കുകയാണ്. വളരെ ജീർണ്ണിച്ച കെട്ടിടം ആണിത്. വർഷങ്ങൾക്ക് മുമ്പ്, സ്വാതന്ത്ര്യം കിട്ടുന്നതിനുമുമ്പ് നിർമ്മിച്ച കെട്ടിടമാണ് കാസർകോട് താലൂക്കാശുപത്രി. ഗവൺമെന്റ് തുടങ്ങിവച്ച പ്രവർത്തികളുടെ കാര്യത്തിൽ ഗവൺമെന്റ് വ്യക്തമായ തീരുമാനം എടുക്കണം. ഈ പഞ്ചായത്ത് മുനിസിപ്പൽ നിയമം വരുന്നതിനുമുമ്പ് പണി ആരംഭിച്ച പ്രവർത്തികൾ ഗവൺമെന്റുതന്നെ പൂർത്തീകരിക്കുക, അല്ലെങ്കിൽ അതിന് ആവശ്യമായ ഫണ്ട്-മുനിസിപ്പാലിറ്റിയുടെ കയ്യിൽ ഉണ്ടാകില്ല-മുനിസിപ്പാലിറ്റികൾക്ക് നൽകി അതിന്റെ പണി എത്രയും വേഗത്തിൽ പൂർത്തീകരിക്കാൻ ആവശ്യമായ അടിയന്തിര നടപടി കൈക്കൊള്ളണമെന്ന് ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly